(സി) അന്വേഷണ വിചാരണ വർഷങ്ങളായി നീട്ടിക്കൊണ്ടുപോകുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ;

(ഡി) ഇത്തരത്തിൽ ദീർഘകാലം നീണ്ടുപോയിട്ടുള്ള അന്വേഷണ വിചാരണകൾ ഉടനടി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) കേരളാ പോലീസിൽ ഉദ്യോഗസ്ഥൻമാർക്കെതിരെയുള്ള അച്ചടക്കനടപടികളെക്കുറിച്ചുള്ള അന്വേഷണം അന്വേഷണ ഉദ്യോഗസ്ഥർ കഴിയുന്നിടത്തോളം 2 മാസത്തിനകം പൂർത്തിയാക്കി പി.ആർ. മിനിട്ട്സ് ബന്ധപ്പെട്ട മേലധികാരികൾക്ക് സമർപ്പിക്കണമെന്നുള്ള നിർദ്ദേശം ഡി.ജി.പി. സർക്കുലർ നമ്പർ 5/87, തീയതി 12-9-87 പ്രകാരം നൽകിയിട്ടുണ്ട്.

(ബി) ശ്രീ. ശശിധരൻപിള്ള, ശ്രീകുമാർ എന്നീ രണ്ട് എപി.എസ്.ഐ.മാർക്കെതിരെ 18-6-1997-ൽ ഉത്തരവിട്ട അച്ചടക്കനടപടി തീർപ്പാക്കിയിട്ടില്ല.

(സി) അന്വേഷണവിചാരണ, അന്വേഷണ ഉദ്യോഗസ്ഥന്റെ വീഴ്ചകൊണ്ട് ദീർഘകാലം നീണ്ടുപോവുകയാണെങ്കിൽ ടി ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാറുണ്ട്.

(ഡി) വകുപ്പുതല അന്വേഷണങ്ങൾ വളരെവേഗം പൂർത്തിയാക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

നദീസംയോജന പദ്ധതി

*25 [175] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:
,, വി. കെ. ചന്ദ്രൻ:
,, ടി. കെ. ദേവകുമാർ:
,, സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളെ തമ്മിൽ ബന്ധിപ്പിക്കുവാനുള്ള കേന്ദ്ര സർക്കാരിന്റെ പദ്ധതിയോടുള്ള സമീപനം എന്താണെന്ന് വെളിപ്പെടുത്താമോ;

(ബി) നദീസംയോജന പദ്ധതി കേരളത്തിനെ ദോഷകരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംയോജന പദ്ധതിയുടെ ഗുണദോഷവശങ്ങളെക്കുറിച്ച് പരിശോധിക്കുകയുണ്ടായോ; നദികൾ സംയോജിപ്പിക്കുന്നത് എന്തെല്ലാം പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുമെന്നാണ് കരുതുന്നത്;

(ഡി) പദ്ധതി കേരളത്തിന് സ്വീകാര്യമല്ലെന്ന് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നദീസംയോജനത്തിന്റെ, കേരളവുമായി ബന്ധപ്പെട്ട ഒന്നാംഘട്ട പദ്ധതി ഏതാണ്; പദ്ധതിയുമായി സഹകരിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) കേരള സംസ്ഥാനത്തിലൂടെ ഒഴുകുന്ന നദികളെ മറ്റ് സംസ്ഥാനങ്ങളിലൂടെ ഒഴുകുന്ന നദികളുമായി ബന്ധിപ്പിക്കുവാനുള്ള കേന്ദ്ര സർക്കാരിന്റെ പദ്ധതിയോട് കേരളത്തിന് പൂർണ്ണമായും വിയോജിപ്പാണുള്ളത്.

(ബി) ഉണ്ട്.

(സി) പരിശോധിച്ചിട്ടുണ്ട്. ഇപ്പോൾ ദേശീയ ജലവികസന ഏജൻസിയുടെ പരിഗണനയിലുള്ള പമ്പാ-അച്ചൻകോവിൽ വൈപ്പാർ സംയോജന പദ്ധതി നടപ്പിലാക്കിയാൽ കേരളത്തിലെ പമ്പാ-അച്ചൻകോവിൽ നദികളിൽ സൂക്ഷ്മമായ ജലക്ഷാമം അനുഭവപ്പെടും. ഈ നദികളിൽ ഓരുവെള്ള ഭീഷണിയും കുട്ടനാട്ടിലും മദ്ധ്യതിരുവിതാംകൂറിലും പാരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാകും. കേരളത്തിലെ നിബിഡ വനം ഉൾപ്പെടെയുള്ള പ്രദേശങ്ങൾ വെള്ളത്തിലാവുകയും ഈ നദികളിലെ ശുദ്ധജല പദ്ധതികളേയും ജലവൈദ്യുത പദ്ധതികളേയും ദോഷകരമായി ബാധിക്കുകയും ചെയ്യും. വൻതോതിൽ കുടിയൊഴിപ്പിക്കലും വേണ്ടി വരും. മറ്റ് നദികളെ തമ്മിൽ ബന്ധിപ്പിക്കുകയാണെങ്കിലും സമാനമായ പ്രത്യാഘാതങ്ങൾ ഉണ്ടാവും. നദീസംയോജന പദ്ധതി കേരളത്തിനെ സംബന്ധിച്ചിടത്തോളം പടിഞ്ഞാറോട്ട് ഒഴുകുന്ന നദികളിലെ ജലം കിഴക്കോട്ട് തിരിച്ചുവിടുന്നതിനാണ് ലക്ഷ്യമിടുന്നത്. കേരളത്തിലെ നദികളിൽ ഇപ്രകാരം ജലം തിരിച്ചുവിടുന്നതിന് അധികജലമില്ല. അതിനാൽ പദ്ധതികൊണ്ട് കേരളത്തിന് ദോഷങ്ങൾ ഉണ്ടാകും.

(ഡി) ഉണ്ട്.

(ഇ) പമ്പാ-അച്ചൻകോവിൽ വൈപ്പാർ ലിങ്ക് പദ്ധതിയാണ് നദീ സംയോജന പദ്ധതിയുടെ കേരളവുമായി ബന്ധപ്പെട്ട ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിൽനിന്ന് പിൻമാറണമെന്ന് കേരളം ദേശീയ ജലവികസന ഏജൻസിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രധാനമന്ത്രിക്കും കേന്ദ്രജലവിഭവ മന്ത്രിക്കും ഇതുസംബന്ധിച്ച് നിവേദനം നൽകിയിട്ടുണ്ട്. 26-3-2003-ന് ന്യൂഡൽഹിയിൽവച്ചു നടന്ന ദേശീയ ജലവികസന ഏജൻസിയുടെ വാർഷിക ജനറൽ ബോഡി യോഗത്തിൽ നദീ സംയോജനത്തിന് തെക്കേ ഇന്ത്യയിൽനിന്നും പരിഗണിക്കുന്ന പദ്ധതികളിലൊന്നായി പമ്പാ-അച്ചൻകോവിൽ വൈപ്പാർ സംയോജന പദ്ധതിയെ ഉൾപ്പെടുത്തിയിരിക്കുന്നതിനെതിരെ പ്രസ്തുത യോഗത്തിൽ സംബന്ധിച്ച കേരള ജലവിഭവ വകുപ്പുമന്ത്രി പ്രതിഷേധം പ്രകടിപ്പിക്കുകയും പ്രസ്തുത പദ്ധതിക്ക് കേരളത്തിന് യാതൊരു തരത്തിലും അംഗീകാരം നൽകാൻ കഴിയില്ല എന്ന് വ്യക്തമാക്കുകയും ചെയ്തു. പമ്പാ-അച്ചൻകോവിൽ വൈപ്പാർ ലിങ്ക്

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കണമെന്ന് 11-ാം കേരള നിയമസഭയുടെ 6-ാം സമ്മേളനത്തിൽ നിയമസഭ പ്രമേയം പാസ്സാക്കിയിട്ടുണ്ട്. ജലവിഭവ മന്ത്രിയും എം. പി.മാരും കേന്ദ്രജലവിഭവ മന്ത്രിയെ നേരിൽകണ്ട് ഈ പ്രമേയത്തിന്റെ പകർപ്പ് നൽകുകയും പമ്പാ-അച്ചൻകോവിൽ വൈപ്പാർ ലിങ്ക് പദ്ധതി ഉപേക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. കേരളം സന്ദർശിച്ച പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിയെ പദ്ധതിയുടെ ദോഷവശങ്ങളെക്കുറിച്ച് ധരിപ്പിച്ചിട്ടുണ്ട്.

സർക്കാർ ജീവനക്കാരുടെ പണിമുടക്കവകാശം സംബന്ധിച്ച കോടതിവിധി

*26 [176] ശ്രീ. ടി. കെ. ബാലൻ:
,, പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് പണിമുടക്കവകാശം നിഷേധിക്കുന്ന സുപ്രീം കോടതി വിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിധിയുടെ പശ്ചാത്തലത്തിൽ പണിമുടക്കവകാശ സംരക്ഷണത്തിന് നിയമനിർമ്മാണം വേണമെന്ന ജീവനക്കാരുടെ സംഘടനകളുടെ ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ഉണ്ട്.

(ബി) പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രത്യേക നടപടികൾ ഒന്നും എടുത്തിട്ടില്ല.

പരിസ്ഥിതി വകുപ്പ് രൂപീകരിക്കുവാൻ നടപടി

*27 [177] ശ്രീ. ഉമേഷ് ചള്ളിയിൽ:
,, ജോണി നെല്ലൂർ:
,, കെ. കെ. ഷാജു:
,, ഷിബു ബേബിജോൺ:
,, എ. എൻ. രാജൻബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രമാതീതമായി വർദ്ധിച്ചുവരുന്ന പരിസ്ഥിതി പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഒരു പരിസ്ഥിതി വകുപ്പ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly